പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1949 **26-10-2026-ൽ മറുപടിയ്ക്ക്**

നന്നമ്പ്ര പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതിനാൽ പൊളിച്ചു മാറ്റേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കെട്ടിടത്തിന് പകരം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

മറുപടി: നന്നമ്പ്ര പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉപയോഗശൂന്യമായ പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.

(ബി) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ ഫണ്ട് വകയിരുത്തുകയോ ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ